ज्ञानादेव तु कैवल्यम्

# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 01/25 (223rd) Meeting of the Syndicate held on 05.02.2025 at 11.00 a.m at University Head Quarters, Kalady

## Members Present:

1. പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി - ഒപ്പ്
   വൈസ് ചാൻസലർ, അദ്ധ്യക്ഷ
2. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം - ഒപ്പ്
3. ശ്രീ. അജയൻ സി, അഡീഷണൽ സെക്രട്ടറി, - ഒപ്പ്
   ഉന്നതവിദ്യാഭ്യാസ വകുപ്പ്
4. അഡ്വ. കെ.എസ്. അരുൺകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
5. ഡോ. വി. ലിസ്സി മാത്യു, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ശ്രീ. ആർ. അജയൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
8. പ്രൊഫ.(ഡോ.) മാത്യൂസ് ടി തെള്ളി, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. ശിവദാസൻ. പി , സിൻഡിക്കേറ്റംഗം - ഒപ്പ്
10. ഡോ. ഓമന പി. വി, സിൻഡിക്കേറ്റംഗം - ഒപ്പ്
11. ഡോ. എം. സത്യൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
12. ഡോ. ബി. അശോക്, സിൻഡിക്കേറ്റംഗം - ഒപ്പ്
13. ഡോ. ടി. മിനി, സിൻഡിക്കേറ്റംഗം - ഒപ്പ്
14. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്

കൂടാതെ ഡോ. മോത്തി ജോർജ്ജ് (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംങ്, പ്രശസ്ത ഗായകൻ ശ്രീ. പി. ജയചന്ദ്രൻ, പ്രശസ്ത സംവിധായകനും സാഹിത്യകാരനുമായിരുന്ന ശ്രീ എം. ടി. വാസുദേവൻ നായർ എന്നിവരുടെ നിര്യാണത്തിലും മറ്റ് രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

18.12.2024-ാം തീയതിയിലെ 222-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ശ്രീ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ കേരളത്തിന്റെ 23-ാമത് ഗവർണറായി 2025 ജനുവരി 2 ന് ചുമതലയേറ്റു.
2. സർവകലാശാലയുടെ ഫാക്കൽറ്റി ഓഫ് ഇന്ത്യൻ ലാംഗ്വേജസ് ഡീൻ ആയി പ്രൊഫ. (ഡോ.) ജയചന്ദ്രൻ ആർ, സീനിയർ പ്രൊഫസർ, ഹിന്ദി വിഭാഗം, കേരള സർവകലാശാല - യെ ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്തു.
3. 2024 ഡിസംബർ 26 മുതൽ 30 വരെ ചെന്നൈ എസ്. ആർ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജിയിൽ വച്ച് നടന്ന 38 -ാമത് സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി കലോത്സവത്തിൽ ഓവറോൾ ഫോർത്ത് റണ്ണേഴ്സ് അപ്പ് നേടിയ സർവകലാശാല ടീമിലെ എല്ലാ അംഗങ്ങളേയും അഭിനന്ദിക്കുന്നു.
4. 2025 ജനുവരി 3 മുതൽ 5 വരെ ജവഹർലാൽ നെഹ്റു സർവകലാശാല, ന്യൂഡൽഹിയിൽ വച്ച് നടന്ന 27 -ാമത് ഇന്റർ നാഷണൽ കോൺഗ്രസ് ഓഫ് വേദാന്തയിൽ സർവകലാശാലയെ പ്രതിനിധീകരിച്ച് വൈസ് ചാൻസലറും, ഒരു അധ്യാപികയും, 12 വിദ്യാർത്ഥികളും പങ്കെടുത്തു.
5. കേരള സ്റ്റേറ്റ് യൂത്ത് കമ്മീഷനുമായി സഹകരിച്ച് സർവകലാശാലയുടെ സ്റ്റുഡന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി 2025 ജനുവരി 7 -ാം തീയതി ആന്റി ഡ്രഗ്ഗ് അവയർനെസ് സെമിനാർ സംഘടിപ്പിച്ചു.
6. സർവകലാശാലയുടെ പബ്ലിക്കേഷൻ വിഭാഗം പ്രസിദ്ധീകരിക്കുന്ന പ്രഭാവർമ്മയുടെ 'കനൽ ചിലമ്പ്' എന്ന കവിത സമാഹാരത്തിന്റെ ഡോ. എൻ.വി.ബി. ഉണ്ണിതിരി സംസ്കൃത പരിഭാഷ നിർവഹിച്ച "അംഗാരനൂപുരം" എന്ന കൃതിയുടെ പ്രകാശനം കേന്ദ്ര സാഹിത്യ അക്കാദമി സെക്രട്ടറി ഡോ. ശ്രീനിവാസ റാവു 2025 ജനുവരി 8 ന് കേരള നിയമസഭ അന്താരാഷ്ട്ര

പുസ്തകോത്സവത്തിൽ വച്ച് നിർവഹിച്ചു. മുൻ പ്രോ വൈസ് ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മി ആദ്യ പ്രതി ഏറ്റുവാങ്ങി. വൈസ് ചാൻസലർ, ശ്രീ. ആർ. അജയൻ (സിൻഡിക്കേറ്റ് അംഗം), രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ (ഭരണ വിഭാഗം) എന്നിവർ പങ്കെടുത്തു.

7. ശ്രീ. പി. ഭാസ്കരൻ ജന്മശതാബ്ദിയോടനുബന്ധിച്ച് 2025 ജനുവരി 8 ന് തിരൂർ പ്രാദേശിക കേന്ദ്രത്തിൽ വച്ച് കേരള സംസ്ഥാന സർവ്വവിജ്ഞാന ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് 'ചലചിത്ര ഗാന സംസ്കാരം' എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു.

8. സർവകലാശാല കൊയിലാണ്ടി പ്രാദേശിക ക്യാമ്പസിൽ 2025 ജനുവരി 10, 11 തീയതികളിൽ എം.കെ.എസ് നാടകവും ജീവിതവും എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. സംസ്കൃത നാടകത്തിലെ സമഗ്ര സംഭാവനക്ക് രാമപ്രഭ പുരസ്കാരത്തിന് അർഹനായ ശ്രീ എം.കെ. സുരേഷ് ബാബുവിന് നൽകിയ ആദരിക്കൽ ചടങ്ങ് പൊതുമരാമത്ത് മന്ത്രി ബഹു. പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു.

9. 2025 ജനുവരി 10, 11 തീയതികളിൽ വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ വച്ച് നടന്ന ഓൾ ഇന്ത്യ യൂണിവേഴ്സിറ്റി സൗത്ത്സോൺ വൈസ് ചാൻസലർമാരുടെ മീറ്റിംഗിൽ സർവകലാശാലയെ പ്രതിനിധീകരിച്ച് വൈസ് ചാൻസലർ പങ്കെടുത്തു.

10. ഉന്നത വിദ്യാഭ്യാസ കോൺക്ലേവിനോട് അനുബന്ധിച്ച് സംഘടിപ്പിച്ച പ്രീ കോൺ ക്ലേവുമായി ബന്ധപ്പെട്ടുള്ള സിംപോസിയം & എക്സിബിഷൻ 2025 ജനുവരി 10 ന് സർ വകലാശാല മുഖ്യകേന്ദ്രത്തിൽ വച്ച് നടത്തി. പ്രസ്തുത പരിപാടി വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ വച്ച് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് ഷേപ്പിംഗ് കേരളാസ് ഫ്യൂച്ചർ ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ് - ജെൻ ഹയർ എഡ്യൂക്കേഷൻ എന്ന പേരിൽ 2025 ജനുവരി 14, 15 തീയതികളിലായി സംഘടിപ്പിച്ച ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ സർവകലാശാല പങ്കെടുത്തു. കോൺക്ലേവിനോടനുബന്ധിച്ച് സംഘടിപ്പിച്ച ഉന്നത വിദ്യാഭ്യാസ എക്സിബിഷനിൽ സർവകലാശാലയുടെ എക്സിബിഷൻ സ്റ്റാൾ ശ്രദ്ധേയമായി. സർ വകലാശാലയിലെ വിദ്യാർത്ഥികളും അധ്യാപകരും കോൺക്ലേവിൽ പങ്കെടുക്കുകയും ചെയ്തു.

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ Attracting Inter National Students to Kerala എന്ന വിഷയത്തിൽ 13.01.2025 ന് കളമശ്ശേരി രാജഗിരി കോളേജിൽ വച്ചുനടന്ന പ്രി കോൺക്ലേവ് ശിൽപശാലയിൽ Office of the International Affairs ന്റെ ഡയറക്ടർ ഡോ. സൂസൻ തോമസ്, അസിസ്റ്റന്റ് ഡയറക്ടർ ഡോ. രേഷ്മ ഭരദ്വാജ് എന്നിവർ പങ്കെടുക്കുകയും, തിരുവനന്തപുരത്തുവച്ച് 03.02.2025 ൽ മേൽ വിഷയത്തിൽ നടന്ന പോസ്റ്റ് കോൺക്ലേവ് ശിൽപശാലയിൽ Office of the International Affairs ന്റെ ഡയറക്ടർ ഡോ. സൂസൻ തോമസ്, അസിസ്റ്റന്റ് ഡയറക്ടർ ഡോ. രേഷ്മ ഭരദ്വാജ്, ഐ.ക്യു.എ.സി ഡയറക്ടർ, ഡോ. അജിത് കുമാർ കെ.വി എന്നിവർ പങ്കെടുക്കുകയും ചെയ്തു.

11. ബഹു. എം. വിജിൻ എ.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച പയ്യന്നൂർ ക്യമ്പസിലെ ഓഡിറ്റോറിയം 2025 ജനുവരി 18 -ാം തീയതി ബഹു. എം.എൽ.എ, ശ്രീ. വിജിൻ ഉദ്ഘാടനം ചെയ്തു. വൈസ് ചാൻസലർ ചടങ്ങിന് അധ്യക്ഷത വഹിച്ചു.

12. ആലുവ അൽ അമീൻ കോളേജ് സംഘടിപ്പിച്ച Hack-Arti-Thon എന്ന മത്സരത്തിൽ പങ്കെടുത്ത സാമൂഹ്യ സേവന വിഭാഗത്തിലെ ഗവേഷക വിദ്യാർത്ഥികൾക്ക് നൂതന ക്രീയാത്മക പ്രശ്നപരിഹാര ആശയത്തിനും പദ്ധതിക്കും ഒന്നാം സമ്മാനം ലഭിച്ചു. ഇതിൽ പങ്കെടുത്ത വിദ്യാർത്ഥികളെ അഭിനന്ദിക്കുന്നു.
13. സർവകലാശാല പ്ലേസ്മെന്റ് സെൽ, എംപ്ലോയ്മെന്റ് & ഗൈഡൻസ് ബ്യൂറോയുമായി സഹകരിച്ച് അവസാനവർഷ വിദ്യാർത്ഥികൾക്ക് ഫെബ്രുവരി മൂന്നാം ആഴ്ച പ്ലേസ്മെന്റ് ഡ്രൈവ് നടത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് 2025 ജനുവരി 23 ന് പരിശീലന പരിപാടി സംഘടിപ്പിച്ചു.
14. ഇന്ത്യയുടെ 76 -ാമത് റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നതിന്റെ ഭാഗമായി 2025 ജനുവരി 26 -ാം തീയതി സർവകലാശാല ആസ്ഥാനത്തും, പ്രാദേശിക ക്യാമ്പസുകളിലും ദേശീയ പതാക ഉയർത്തി. സർവകലാശാല ആസ്ഥാനത്ത് പ്രൊഫസർ ഇൻ ചാർജ്ജ് ഓഫ് എക്സാമിനേഷൻസ് ഡോ. ലിസ്സി മാത്യു ദേശീയപതാക ഉയർത്തി.
15. 2025 ജനുവരി 31 ന് വിരമിച്ച സർവകലാശാലയിലെ അനധ്യാപക ജീവനക്കാരായ ശ്രീമതി. അജിത കുമാരി വി. (ലൈബ്രറി അസിസ്റ്റന്റ്), ശ്രീ സുബ്രൻ പി.കെ. (സെക്ഷൻ ഓഫീസർ) എന്നിവർക്ക് സർവകലാശാല ഉചിതമായ യാത്രയയപ്പ് നൽകി.
16. റിസർച്ച് & ഡവലപ്മെന്റ് സെല്ലിന്റെയും ഐ.ക്യൂ.എ.സി യുടേയും നേതൃത്വത്തിൽ 2025 ഫെബ്രുവരി 03 മുതൽ 07 വരെ കാലടി മുഖ്യ ക്യാമ്പസിൽവച്ച് റിസർച്ച് & പബ്ലിക്കേഷൻ എത്തിക്സ് എന്ന വിഷയത്തിൽ 5 ദിവസത്തെ വർക്ക്ഷോപ്പ് ഗവേഷകർക്കായി സംഘടിപ്പിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.
17. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും സെമിനാറുകളും വെബിനാറുകളും ശില്പശാലകളും ഇക്കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## **Item No. 2**

Award of Ph.D Degree

a) Sri. Amith K in Malayalam [No. EA/PhD/831/SSUS/2023]
b) Sri. Sarathkumar K in Malayalam [No. EA/PhD/843/SSUS/2024]
c) Sri. Thomas Thamarassery in Malayalam [No. EA/PhD/842/SSUS/2024]
d) Smt. Aswathy A.A. in Sanskrit Vedanta [No. EA/PhD/848/SSUS/2024]
e) Smt. Saraswathi Devi V in Sanskrit Sahitya [No. EA/PhD/827/SSUS/2023]
f) Sri. Akhil Thankappan in History [No. EA/PhD/826/SSUS/2023]

g) Sri. Lukhmanul Hakkeem K.K in History [No. EA/PhD/811/SSUS/2023]
h) Sri. Shigesh G.S in Hindi [No. EA/PhD/835/SSUS/2024]
i) Smt. Hanna Assainar M in Sanskrit Vyakarana [No. EA/PhD/844/SSUS/2024]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 17.01.2025, it is resolved to award Ph.D to the following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Sri. Amith K | Faculty of Indian Languages | 23.12.2024 |
| b) | Sri. Sarathkumar K | Faculty of Indian Languages | 29.11.2024 |
| c) | Sri. Thomas Thamarassery | Faculty of Indian Languages | 06.12.2024 |
| d) | Smt. Aswathy A.A. | Faculty of Indian Metaphysics | 04.12.2024 |
| e) | Smt. Saraswathi Devi V | Faculty of Sanskrit Literature | 19.12.2024 |
| f) | Sri. Akhil Thankappan | Faculty of Arts & Social Sciences | 11.12.2024 |
| g) | Sri. Lukhmanul Hakkeem K.K | Faculty of Arts & Social Sciences | 09.01.2025 |
| h) | Sri. Shigesh G.S | Faculty of Indian Languages | 13.01.2025 |
| i) | Smt. Hanna Assainar M | Faculty of Sanskrit Grammar | 18.12.2024 |

a) Sri. Amith K in Malayalam under the Faculty of Indian Languages for the Ph.D thesis titled **“മൈത്രി എന്ന സങ്കല്പനം: ചരിത്രവും വിവക്ഷകളും –മലയാളത്തിലെ രചനകളെ മുൻനിർത്തിയുള്ള പഠനം”**under the guidance of Dr. Sajitha K.R., Professor, Department of Malayalam, SSUS, Kalady

b) Sri. Sarathkumar K. in Malayalam under the Faculty of Indian Languages Ph.D. thesis titled, “കേരളീയ നവോത്ഥാനവുംകീഴാളരാഷ്ട്രീയവും : ശുഭാനന്ദഗുരു,പൊയ്കയിൽ കുമാരഗുരുദേവൻ, കെ.പി. വള്ളോൻ എന്നിവരെമുൻനിർത്തിയുള്ള പഠനം" under the guidance of Dr. M. Krishnan Nampoothiri, Professor, Department of Malayalam, SSUS, Kalady

c) Sri. Thomas Thamarassery inMalayalam under the Faculty of Indian Languages Ph.D. thesis titled, “കൊല്ലം : ആധുനികീകരണത്തിന്റെ നാൾവഴികൾ"under the guidance of Dr. M. Krishnan Nampoothiri, Professor, Department of Malayalam, SSUS, Kalady

d) Smt. Aswathy A.A. in Sanskrit Vedanta under the Faculty of Indian Metaphysics Ph.D. thesis titled, “Ramanamaharshi and Sree Narayanaguru – A Philosophical Comparison”, under the guidance of Dr. K. Remadevi Amma, Professor, Department of Sanskrit Vedanta, SSUS, Kalady

e) Smt. Saraswathi Devi V., Researchscholar in Sanskrit Sahitya under the Faculty of Sanskrit Literature Ph.D. thesis titled, “Contribution of Poet Vallathol to Sanskrit Tradition of Kerala” ,under the guidance of Dr. K.R. Ambika, Professor, Department of Sanskrit Sahitya, SSUS, Kalady

f) Sri. Akhil Thankappan, Research Scholar in History under the Faculty of Arts & Social Sciences Ph.D. thesis titled, “Money, Markets and Merchants : Mapping Transitions in Early Colonial South Malabar”,under the guidance of Dr. Ani Tresa Ephrem, Professor, Department of History, SSUS, Kalady

g) Sri. Lukhmanul Hakkeem K.K., Research Scholar in History under the Faculty of Arts & Social Ph.D. thesis titled, “Mission, Medicine and Colonialism: Institutionalization of Medical Practices in Malabar, 1834-1914”,under the guidance of Dr. E.K. Rajan, Associate Professor, Department of History, SSUS, Kalady

h) Sri. Shigesh G.S. in Hindi under the Faculty of Indian Languages Ph.D. thesis titled, “Vaisweekaran ke Daur ke Upanyason mein Vikas, Visthapan Aur Pratirodh”,under the guidance of Dr. P. Ravi, Professor (Rtd.), Department of Hindi, SSUS, Kalady

i) Smt. Hanna Assainar M., in Sanskrit Vyakarana under the Faculty of Sanskrit Grammar Ph.D. thesis titled, “Pāṇinīya Dhāthupāṭhe Apaṭhitānām Dhātūnām

Paryavekṣaṇam”, under the guidance of Dr. Yamuna K, Professor, Department of Sanskrit Vyakarana, SSUS, Kalady

**I**

**Item No. 3**

ഡിജിറ്റൈസ്ഡ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച്. (No. EA/Ph.D/330/SSUS/2023)

സർട്ടിഫിക്കറ്റ് മാതൃക അംഗീകരിച്ചു. സംസ്കൃതം പേരിനോടൊപ്പം മലയാളത്തിലുംകൂടി സർവകലാശാലയുടെ പേര് ഉൾപ്പെടുത്തൽ, colour, font എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾക്കായി വൈസ് ചാൻസലറേയും എക്സാം , അക്കാദമിക് & ഫിനാൻസ് കമ്മറ്റിയേയും ചുമതലപ്പെടുത്തി. സർട്ടിഫിക്കറ്റുകൾ സർവകലാശാലയുടെ പേരും എംബ്ലവും ഉള്ള പ്രിന്റ് ചെയ്ത ഫയലുകളിൽ ഇഷ്യൂ ചെയ്യുന്നതിന് തീരുമാനിച്ചു. സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുന്നതിന് കളർ പ്രിന്റർ വാങ്ങാനും തീരുമാനിച്ചു.

**Item No. 4**

(a) പുനഃപരീക്ഷ പ്രത്യേകമായി നടത്തുന്നത് സംബന്ധിച്ച്. (No. EA/00018/SSUS/2024(2)) - കുമാരി കൃഷ്ണപ്രിയ

17.01.2025 തീയതിയിലെ പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, പ്രത്യേക സാഹചര്യവും മെഡിക്കൽ സർട്ടിഫിക്കറ്റും പരിഗണിച്ചു കൊണ്ട് പരീക്ഷാ ഫീസിനോടൊപ്പം 1000/- രൂപ അധികം ഈടാക്കി മൂന്നാം സെമസ്റ്റർ IIIBUSGM – 649 Indian Normative Ethical Theories Constitutional Law എന്ന പരീക്ഷ നടത്തുവാൻ തീരുമാനിച്ചു.

(b) പുനഃപരീക്ഷ പ്രത്യേകമായി നടത്തുന്നത് സംബന്ധിച്ച്. (No. EA/00018/SSUS/2024(1)) – അഭിനവ് എസ്

17.01.2025 തീയതിയിലെ പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് അതിന്റെ വാസ്തവികത ബോധ്യപ്പെട്ടാൽ പരീക്ഷാ ഫീസിനോടൊപ്പം 1000/- രൂപ അധികം ഈടാക്കി Personality Development Theories and Practices എന്ന പരീക്ഷ നടത്തുവാൻ തീരുമാനിച്ചു.

**Item No. 5**

(a) 2024-2025 വർഷത്തെ സെമിനാർ, ശിൽപശാല എന്നിവ നടത്തുന്നത് സംബന്ധിച്ച്.
(No. 02005/SOACDC/SSUS/2023(3))

(b) 2024-2025 വർഷത്തെ സെമിനാർ, ശിൽപശാല എന്നിവ നടത്തുന്നത് സംബന്ധിച്ച്.
(No. 02005/SOACDC/SSUS/2023(1))

(c) 2024-2025 വർഷത്തെ സെമിനാർ, ശിൽപശാല എന്നിവ നടത്തുന്നത് സംബന്ധിച്ച്.
(No. 02005/SOACDC/SSUS/2023(1))

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടേയും ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടേയും ശിപാർശ പരിഗണിച്ച്, സമർപ്പിച്ച പ്രൊപ്പോസലുകൾ പരിഗണിച്ച് അനുബന്ധം I പ്രകാരം 16,14,500/- രൂപ വിവിധ വകുപ്പുകൾക്ക് സെമിനാർ, ശിൽപശാല ഇനത്തിൽ അനുവദിക്കുവാൻ തീരുമാനിച്ചു.

## Item No. 6

2017 അഡ്മിഷൻ ബി.എഫ്.എ വിദ്യാർത്ഥി സുബിൻ സുബ്രൻ - ന് (17KA02PA29) ഒന്നാം സെമസ്റ്റർ Basic Sanskrit എന്ന കോഴ്സ് റീ അപ്പിയർ ചെയ്യാൻ അനുവദിക്കുന്നത് സംബന്ധിച്ച്. (No. 03086/ACDB3/SSUS/2024(1))

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പ്രകാരം, റെഗുലേഷനിൽ കാലപരിധി ഇല്ലാത്തതിനാലും വിദ്യാർത്ഥിയുടെ അപേക്ഷ പരിഗണിച്ചും പരീക്ഷ എഴുതുവാൻ അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 7

Application for recognition as Research Guide in Sanskrit General from Dr. Lisha C.R, Assistant Professor, Dept. of Sanskrit General – Consideration of – reg. (No. 03920/ACDA2/SSUS/2023(1)

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, സ്ക്രൂട്ടിനി കമ്മറ്റിയുടെ ശിപാർശ പ്രകാരം ഗൈഡ്ഷിപ്പ് നൽകുവാൻ തീരുമാനിച്ചു. കൂടാതെ പതിനൊന്ന് വർഷത്തെ Teaching Experience എന്നത് പരിശോധിച്ച് കൃത്യത വരുത്തുവാൻ സെക്ഷന് നിർദ്ദേശം നൽകാനും തീരുമാനിച്ചു.

## Item No. 8

സർവകലാശാലയിൽ "പണ്ഡിറ്റ് കറുപ്പൻ ചെയർ" സ്ഥാപിക്കുന്നത് സംബന്ധിച്ച്. (No. 03898/ACDB2/SSUS/2024(1))

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, പണ്ഡിറ്റ് കറുപ്പന്റെ പഠനങ്ങളും അദ്ദേഹത്തിന്റെ 'ജാതിക്കുമ്മി' എന്ന പുസ്തകവും സംസ്കൃത സർവകലാശാലയിൽ എം.എ. മലയാളം സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ധീവര ട്രസ്റ്റിനെ അറിയിക്കാൻ തീരുമാനിച്ചു. കൂടാതെ "പണ്ഡിറ്റ് കറുപ്പൻ ചെയർ" സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ധീവര ട്രസ്റ്റുമായി ചർച്ച നടത്തിയശേഷം അക്കാദമിക് & റിസർച്ച് കമ്മറ്റി വഴി സിൻഡിക്കേറ്റിന്റെ തുടർ പരിശോധനക്കായി സമർപ്പിക്കാനും തീരുമാനിച്ചു.

## Item No. 9

38-ാമത് ദക്ഷിണ മേഖല അന്തർ സർവകലാശാല യുവജനോത്സവം 2024-25 ബജറ്റ് വിഹിതത്തിൽ തുക റീ-അപ്രോപ്രിയേറ്റ് ചെയ്യുന്നതും, കൾച്ചറൽ ആക്ടിവിറ്റീസിന് വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്നതും - സംബന്ധിച്ച്. (No. 03926/SSC2/SSUS/2024(1))

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടേയും ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടേയും ശിപാർശകൾ പരിഗണിച്ച്, 38-ാമത് ദക്ഷിണ മേഖല അന്തർ സർവകലാശാല യുവജനോത്സവം 2024-25 ൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിന് ബജറ്റ് വിഹിതത്തിൽ അപര്യാപ്തമായ തുക റീ-അപ്രോപ്രിയേറ്റ് ചെയ്ത നടപടി സാധൂകരിക്കാൻ തീരുമാനിച്ചു. കൂടാതെ അക്കാദമിക് &റിസർച്ച് സ്ഥിരം സമിതിയും വിദ്യാർത്ഥി പ്രതിനിധികളുമായി കൂടി ആലോചിച്ച് കൾച്ചറൽ ആക്ടിവിറ്റീസിന് വിദ്യാർത്ഥികളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിന് അപ്പെക്സ് കമ്മിറ്റിയോട് നിർദ്ദേശിക്കുവാനും തീരുമാനിച്ചു.

## Item No. 10

PG Diploma in Ayurveda Hospital Management എന്ന പ്രോഗ്രാം ആരംഭിക്കുന്നത് സംബന്ധിച്ച്. (No. 03482/ACDB3/SSUS/2024(1))

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടേയും ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടേയും ശിപാർശകൾ പരിഗണിച്ച്, പിജി ഡിപ്ലോമ ഇൻ ആയുർവേദ ഹോസ്പിറ്റൽ മാനേജ്മെന്റ് എന്ന പ്രോഗ്രാം ആയുർവ്വേദ വിഭാഗത്തിൽ ആരംഭിക്കുന്നതിന് അനുമതി നൽകുവാൻ തീരുമാനിച്ചു കൂടാതെ സ്റ്റുഡന്റ് ഇൻടേക്ക് 20 ആക്കാനും തീരുമാനിച്ചു.

## Item No. 11

അദാലത്ത് തീരുമാനത്തിന് ഉപരിയായി 2025 മാർച്ച് വരെ പ്രബന്ധ സമർപ്പണത്തിനായി സമയം അനുവദിക്കണമെന്ന അനില ചന്ദ്രന്റെ അപേക്ഷ പരിഗണിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച്. (No. 04246/ACDA3/SSUS/2024(1))

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടേയും 20.01.2025 ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടേയും ശിപാർശകൾ പരിഗണിച്ച്, അദാലത്തിൽ ഗവേഷകർക്ക് നിയമാനുസൃതമായി നിശ്ചയിച്ച ഫീസ് വാങ്ങുവാനും അവർക്കനുവദിച്ച DRC cut off തീയതി ആയ 31.05.2025 വരെ കാലാവധി അനുവദിക്കുവാനും തീരുമാനിച്ചു.

## Item No. 12

പരീക്ഷകളുടെ മൂല്യനിർണ്ണയ പ്രതിഫല നിരക്ക് വർദ്ധിപ്പിക്കുന്നത് - സംബന്ധിച് (No. ED/5743/Viva/SSUS/2021)

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, MSW/MFA വിദ്യാർത്ഥികളുടെ ഫീൽഡ് വർക്ക്, വൈവവോസി എന്നിവ നടത്തുന്നതിന് പുറമെ നിന്നുള്ള അധ്യാപകർക്ക് അനുവദിക്കേണ്ട പ്രതിഫലം 500 രൂപയിൽ നിന്നും 1500/- രൂപയായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു.

## Item No. 13

2024-25 അധ്യയന വർഷത്തെ ശ്രീശങ്കരാചാര്യ സംസ്കൃത സ്കോളർഷിപ്പ് അനുവദിക്കുന്നത് - സംബന്ധിച്ച്. (No. 03367/ACDC2/SSUS/2024(1))

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടേയും ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടേയും ശിപാർശകൾ പരിഗണിച്ച്, വിവിധ സംസ്കൃത വിഷയങ്ങളിലെ 108 ബിരുദ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കാൻ തീരുമാനിച്ചു.

## Item No. 14

ആയുർവേദ ഡിപ്ലോമ, പി ജി ഡിപ്ലോമ പ്രോഗ്രാമുകളുടെ ട്യൂഷൻ ഫീസ് സെമസ്റ്റർ അടിസ്ഥാനത്തിൽ ഈടാക്കുന്നത് സംബന്ധിച്ച്. (No. 04129/ACDC2/SSUS/2024(1)

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടേയും 20.01.2025 ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച്,

ആയുർവേദ ഡിപ്ലോമ, പി ജി ഡിപ്ലോമ പ്രോഗ്രാമുകളുടെ ട്യൂഷൻ ഫീസ് രണ്ട് തവണകളായി സെമസ്റ്റർ അടിസ്ഥാനത്തിൽ ഈടാക്കുന്നതിന് തീരുമാനിച്ചു. ഈ കോഴ്സുമായി ബന്ധപ്പെട്ട വരവ് ചെലവ് സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കാൻ നിർദേശിക്കാനും സമാനമായ കോഴ്സുകളുടെ ഫീസ് ഘടനയെക്കുറിച്ച് ഒരു പഠനം നടത്തുന്നതിനും തീരുമാനിച്ചു. കൂടാതെ ബി.എസ്.ഡബ്ല്യൂ കോഴ്സിന്റെ ഫീസ് ഘടനയെക്കുറിച്ച് പഠിക്കാൻ സ്റ്റുഡന്റ്സ് വെൽ ഫെയർ സ്ഥിരം സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 15

പന്മന പ്രാദേശിക കേന്ദ്രത്തിൽ 2025 അധ്യയന വർഷം മുതൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് - സംബന്ധിച്ച്. (No. 00009/ACDB1/SSUS/2025(1)

വിവിധ ക്യാമ്പസുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി അടുത്ത സിൻഡിക്കേറ്റിൽ റിപ്പോർട്ട് സമർപ്പിക്കാൻ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

## Item No. 16

2018 ലെ നോട്ടിഫിക്കേഷൻ വഴി പ്രവേശനം നേടിയ ഗവേഷകർക്ക് 2025 ഡിസംബർ വരെ എക്സ്റ്റൻഷൻ ഫീസില്ലാതെ പ്രബന്ധ സമർപ്പണത്തിന് അനുമതി നൽകുവാൻ തീരുമാനിച്ചിരുന്നു. ടി ആനുകൂല്യം ഉൾപ്പെടെ 2019, 2020 വർഷങ്ങളിലെ നോട്ടിഫിക്കേഷൻ പ്രകാരം പ്രവേശനം നേടിയ ഗവേഷകർക്ക് ബാധകമാക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച.(No. 04296/ACDA3/SSUS/2024(1)

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, കോവിഡ് ബാച്ചായ 2019, 2020 ഡിസംബർ പ്രവേശനം ഗവേഷകർക്ക് 2018 പ്രവേശനം ഗവേഷകർക്ക് നൽകിയ ആനുകൂല്യം അനുവദിക്കുവാൻ തീരുമാനിച്ചു.

## Item No. 17

21.03.2024 തീയതിയിലെ അദാലത്തിൽ പങ്കെടുത്ത ഇംഗ്ലീഷ് ഗവേഷണ പഠന വകുപ്പിലെ ഇന്റഗ്രേറ്റഡ് എം ഫിൽ പി എച്ച് ഡി 01.12.2013 രജിസ്ട്രേഷൻ പാർട്ട് ടൈം ഗവേഷകയായ Sangeetha K യുടെ പ്രബന്ധ സമർപ്പണത്തിനായി സമയം ദീർഘിപ്പിക്കുന്നതു സംബന്ധിച്ച്. (No. 04347/ACDA3/SSUS/2024(2)

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടേയും 20.01.2025 ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച്, അദാലത്തിൽ ഗവേഷകർക്ക് നിയമാനുസൃതമായി നിശ്ചയിച്ച ഫീസ് വാങ്ങുവാനും അവർക്കനുവദിച്ച DRC cut off തീയതി വരെ കാലാവധി അനുവദിക്കുവാനും തീരുമാനിച്ചു.

## Item No. 18

2020 റെഗുലേഷൻ ബാധകമായ 2021 ഡിസംബർ അഡ്മിഷൻ ഗവേഷകർക്ക് യുജിസി മാനദണ്ഡം പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതും കോവിഡ് ആനുകൂല്യം ഉൾപ്പെടെ 31.12.2024 ൽ കാലാവധി അവസാനിച്ച 2015 റെഗുലേഷൻ ബാധകമായ ഗവേഷകരുടെയും 2017 റഗുലേഷൻ ബാധകമായ ആദ്യ ബാച്ചിന്റെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഫീസ് ഒടുക്കി പ്രബന്ധം സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 04178/ACDA3/SSUS/2024(1)

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, റെഗുലേഷൻ കമ്മറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു.

## Item No. 19

ഗവേഷണ കാലാവധി അവസാനിച്ച 2012 റഗുലേഷൻ ബാധകമായ 01.12.2014 മുതൽ 30.11.2025 വരെ രജിസ്റ്റർ ചെയ്ത ഗവേഷകരുടെ പ്രബന്ധം സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 04051/ACDA3/SSUS/2024(1))

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഫീസ് ഈടാക്കി പ്രബന്ധ സമർപ്പണത്തിന് അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 20

2024-2025 വർഷത്തെ ADEP പ്രോഗ്രാമുകൾ നടത്തുന്നത് സംബന്ധിച്ച് (No. 03626/ACDC1/SSUS/2024(1)

17.01.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടേയും 20.01.2025 ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച്, സമർപ്പിച്ച 2024-25 സാമ്പത്തിക വർഷത്തെ ADEP പ്രൊപ്പോസലുകൾ അംഗീകരിച്ച് 3,77,000/- രൂപ വിവിധ വകുപ്പുകൾക്ക് ADEP ഇനത്തിൽ അനുവദിക്കുവാൻ തീരുമാനിച്ചു. ADEP പ്രൊപ്പോസലുകൾ സർവ്വകലാശാലയ്ക്ക് നൽകിയ തീയതി സംബന്ധിച്ച വിശദമായ റിപ്പോർട്ട്

ലഭ്യമാക്കണമെന്നും പ്രൊപ്പോസലുകൾ അതാത് സാമ്പത്തിക വർഷം ആഗസ്റ്റ്/സെപ്റ്റംബർ മാസം സിൻഡിക്കേറ്റിന്റെ അനുമതി ലഭ്യമാകത്തക്ക രീതിയിൽ സമർപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു.

## Item No. 21

Hostel Mess മായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ സംബന്ധിച്ച്. (No. 00161/SSC3/SSUS/2025(1)

17.01.2025 തീയതിയിലെ സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, താഴെ പറയുന്ന കാര്യങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

a) കാവേരി ബോയ്സ് ഹോസ്റ്റലിലേയ്ക്ക് ഗ്യാസ് കണക്ഷൻ നൽകാനുള്ള നടപടികൾ എടുക്കുവാൻ തീരുമാനിച്ചു.

b) Jahnavi വനിത ഹോസ്റ്റലിൽ മെസ്സ് സിസ്റ്റം തുടങ്ങാൻ തീരുമാനിച്ചു.

c) പ്രിയംവദ, അനസൂയ വനിത ഹോസ്റ്റലിൽ നിലവിൽ നിലനിൽക്കുന്ന Mess fee collection നടത്തുന്നതിനായി പുതിയ രണ്ട് മേട്രൻമാർ വരുന്നതുവരെ ഒരു ക്ലറിക്കൽ അസിസ്റ്റന്റ് (വനിത) നെ അവിടേയ്ക്ക് നിയമിക്കാൻ തീരുമാനിച്ചു. ഒഴിവുള്ള മേട്രൻ തസ്തികകളിൽ നിയമനം നടത്താനും തീരുമാനിച്ചു.

d) ഹോസ്റ്റൽ സെക്യൂരിറ്റി സംവിധാനം കാര്യക്ഷമമാക്കാനുള്ള നടപടികൾ എടുക്കാൻ തീരുമാനമായി.

## Item No. 22

സർവകലാശാല രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് - ന്റെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതു - സംബന്ധിച്ച്. (03121/ADB2/SSUS/2024)

17.01.2025 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, താഴെ പറയുന്ന കാര്യങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

1. അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽ ലഭ്യമാക്കിയിരിക്കുന്ന Last Pay Certificate അക്കാഡമിക് ലെവൽ 13A യിലെ അടിസ്ഥാന ശമ്പളമായ 1,52,300/ രൂപ അക്കാഡമിക് ലെവൽ 14 ൽ 148500 + 3800 (PP ) രൂപയായി സംരക്ഷിച്ചു നൽകിയത് അംഗീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് . ഇപ്രകാരം സംരക്ഷിച്ചു നൽകുന്നതിനു സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്.

2. സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം രജിസ്ട്രാർമാരുടെ നിയമനം ആദ്യ ഘട്ടത്തിൽ ഒരു വർഷത്തേക്കാണ്. ഒരു വർഷത്തിന് മുകളിലേക്കു നിയമനം തുടരുവാൻ സിൻഡിക്കേറ്റ് തീരുമാനിക്കുന്ന പക്ഷം, ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
3. ഡോ. മോത്തി ജോർജ്ജ് - ന്റെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലായതിനാൽ മാതൃസ്ഥാപനത്തിൽ ഇൻക്രിമെന്റ് അനുവദിക്കുന്ന മുറക്ക്, സർവകലാശാലയിലും അതിന്റെ പ്രയോജനം നൽകാവുന്നതാണ് .
4. രജിസ്ട്രാറുടെ താമസത്തിനായി ഫർണിഷ് ചെയ്ത് ഒരു വസതി വാടകയില്ലാതെ അനുവദിക്കാവുന്നതാണ്. അപ്രകാരം താമസ സൗകര്യം വിനിയോഗിക്കുന്നുണ്ടെങ്കിൽ വാടക ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.
5. ചട്ട പ്രകാരമുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, യാത്രാ ബത്ത, ദിന ബത്ത എന്നിവയ്ക്ക് അർഹതയുണ്ട്.
6. ഔദ്യോഗിക ആവശ്യങ്ങൾക്കായി സർവ്വകലാശാല വാഹനം (കാർ) അനുവദിക്കുന്നതാണ്.
7. സർവ്വകലാശാലയുമായി ബന്ധപ്പെട്ട യാത്രകളിൽ ഭക്ഷണ താമസ സൗകര്യങ്ങൾക്കായി ചിലവാകുന്ന യഥാർത്ഥ തുകയോടൊപ്പം അർഹമായ ദിനബത്ത മടക്കി നൽകും.
8. ഔദ്യോഗിക ആവശ്യത്തിനായി ഒരു മൊബൈൽ ഫോൺ അനുവദിക്കുന്നതാണ്. ഫോൺ ചാർജ്ജ് പ്രതിമാസം പരമാവധി 1000/- രൂപയായി നിജപ്പെടുത്തുന്നു.
9. സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിന്റെ അദ്ധ്യായം II സ്റ്റാറ്റ്യൂട്ട് 22 അനുസരിച്ചുള്ള എല്ലാ സേവന ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

## Item No. 23

സംസ്ഥാന വ്യവഹാര നയത്തിനും സർവകലാശാല നിയമങ്ങൾക്കും അനുസൃതമായി തയ്യാറാക്കിയിട്ടുള്ള University Litigation Policy – യുടെ കരട് മാർഗരേഖ അംഗീകരിക്കുന്നത് സംബന്ധിച്ച്. (No. 03430/LEGI/SSUS/2024 (1))

വിശദമായ പഠനത്തിനായി സ്റ്റാഫ് & ലീഗൽ കമ്മറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 24

വെബ് ഡെവലപ്പർ, ഗ്രാഫിക് ഡിസൈനർ തസ്തികകളിൽ പൊതുവായി ഒരു മാനദണ്ഡം തയ്യാറാക്കി ഒരാളെ നിയമിക്കുന്നത് സംബന്ധിച്ച്. (No. 02535/ADC1/SSUS/2024(1))

17.01.2025 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, വെബ് ഡെവലപ്പർ, ഗ്രാഫിക് ഡിസൈനർ തസ്തികകളിൽ പൊതുവായി ഒരു മാനദണ്ഡം തയ്യാറാക്കി ഒരാളെ നിയമിക്കുന്നത് അംഗീകരിക്കാൻ തീരുമാനിച്ചു. പി.ആർ.ഒ. യുടെ വർക്കുകൂടി മോണിറ്റർ ചെയ്യാൻ ഐ.ടി കമ്മറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 25

ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ കരാറടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന ഉല്ലാസ് എം.എൻ വേതനവർദ്ധനവിനായി സമർപ്പിച്ച അപേക്ഷ തീരുമാനത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 01411/ADC1/SSUS/2023(1))

17.01.2025 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും 20.01.2025 ൽ ചേർന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ കരാറടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന ഉല്ലാസ് എം.എൻ ന്റെ വേതനം 27,500/- രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

## Item No. 26

സർവകലാശാല ഫിനാൻസ് ഓഫീസർ ശ്രീമതി. സിൽവി കൊടക്കാട്ട്-ന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച്. (No. 02371/ADB3/SSUS/2024(1))

17.01.2025 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും, 20.01.2025 ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച്,ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്ന സമയത്ത് കെ.എസ്.ഇ.ബി യിൽ നിന്നും ശ്രീമതി സിൽവി കൊടക്കാട്ടിന് ലഭിച്ചുകൊണ്ടിരുന്ന ശമ്പളം ലഭിക്കത്തക്ക വിധം കൺസോലിഡേറ്റഡ് പേ തൽക്കാലം നൽകുന്നതിനും സർക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് വേതനം നിശ്ചയിക്കുന്നതിനും തീരുമാനിച്ചു കൂടാതെ ടിഎ/ഡിഎ, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, ഔദ്യോഗിക യാത്രകൾക്ക് സർവ്വകലാശാല വാഹനം എന്നിവയും അനുവദിക്കാൻ തീരുമാനിച്ചു.

## Item No. 27

Institute for Gender Equity (KIGE) എന്ന മികവിന്റെ കേന്ദ്രം സർവകലാശാലയിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് KSHEC – യുമായി ധാരണാപത്രം ഒപ്പ് വെക്കുന്ന വിഷയം - സംബന്ധിച്ച്. (No. 03042/PLD1/SSUS/2024(1)

17.01.2025 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, Institute for Gender Equity (KIGE) എന്ന മികവിന്റെ കേന്ദ്രം സർവകലാശാലയിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് KSHEC – യുമായി ധാരണാപത്രം ഒപ്പ് വയ്ക്കാൻ തീരുമാനിച്ചു.

## Item No. 28

Agamananda Center for Visual Culture & Aesthetics co-ordinator Dr. മഞ്ജു ഗോപാലിന് അനുവദിച്ച മുൻകൂർ സമയബന്ധിതമായി ക്രമീകരിക്കാത്ത നടപടിയിൽ പിഴ പലിശ ഈടാക്കുന്നത് സംബന്ധിച്ച്. (No.2917/ACDB1/SSUS/2015(1))

20.01.2025 ഫിനാൻസ്,അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, അദാലത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

## Item No. 29

സർവകലാശാല ബജറ്റ് - ശീർഷകങ്ങളിലെ പുനർവിനിയോഗം സംബന്ധിച്ച്. (No. 02088/ACCTS2/SSUS/2024(1)

20.01.2025 ഫിനാൻസ്,അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് ശീർഷകങ്ങളിലെ പുനർ വിനിയോഗം സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 30

ഡൽഹിയിലുള്ള അറ്റ്ലാന്റിക് പബ്ലിഷേഴ്സ് & ഡിസ്ട്രിബ്യൂട്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഡൽഹിയിലെ തീസ് ഹസാരി കോടതിയിൽ സർവകലാശാലക്കെതിരെ ഫയൽ ചെയ്ത സിവിൽ കേസിൽ സർവകലാശാലക്ക് വേണ്ടി ഹാജരാകുന്നതിന് ചുമതലപ്പെടുത്തിയ അഡ്വ. കീത്ത് വർ ഗീസിന് പരമാവധി നൽകാവുന്ന ഫീസ് നിജപ്പെടുത്താത്തത് സംബന്ധിച്ച്. (No. LGLS/3119/SSUS/2023)

അടുത്ത സിൻഡിക്കേറ്റിൽ ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശം നൽകാൻ തീരുമാനിച്ചു.

## Item No. 31

ക്രമീകരിക്കാത്ത മുൻകൂറുകൾക്ക് പിഴ പലിശ ഈടാക്കുന്നത് സംബന്ധിച്ച് അദാലത്ത് നടത്തുവാൻ ഫിനാൻസ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തിയത് സംബന്ധിച്ച്. (No. 00457/BILLB1/SSUS/2024(1)

20.01.2025 ഫിനാൻസ്,അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, അദാലത്ത് നടത്താൻ സ്റ്റാഫ് & ലീഗൽ, ഫിനാൻസ് കമ്മറ്റികളെ ചുമതലപ്പെടുത്താനും

ഫെബ്രുവരിയിൽ അദാലത്ത് നടത്താനും തീരുമാനിച്ചു. തീയതി നിശ്ചയിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

## Item No. 32

സർവകലാശാല സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മലയാള ഭാഷ പരിജ്ഞാനം നിർബന്ധമാക്കിയ ഉത്തരവ് സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. 01300/ADB1/SSUS/2024(1))

റിപ്പോർട്ട് അംഗീകരിച്ചു.

## Item No. 33

സ്റ്റാഫ് വെൽഫയർഫണ്ട് ഓഡിറ്റ് റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും സിൻഡിക്കേറ്റ് അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 00056/SOSWF/SSUS/2024(1))

25.09.2024 തീയതിയിലെ സ്റ്റാഫ് വെൽഫെയർഫണ്ട് പൊതുയോഗം അംഗീകരിച്ച 01.04.2020 മുതൽ 30.06.2024 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 34

സർവകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ശ്രീ. ബിജു എം.പി യ്ക്ക് ചികിത്സയ്ക്കായി അനുവദിച്ച പലിശ രഹിത മെഡിക്കൽ അഡ്വാൻസ് തുകയുടെ പിഴ പലിശ എഴുതി തള്ളുന്നതിന് സർക്കാർ അനുമതി നൽകിയത് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. Ad.C/8891/IFL/MR/SSUS/2014)

റിപ്പോർട്ട് അംഗീകരിച്ചു.

## Item No. 35

പുതുക്കിയ ഹോസ്റ്റൽ നിയമാവലി -അംഗീകാരം സംബന്ധിച്ച്. (No. SSC/HOS/17633/SSUS/2019)

പുതുക്കിയ ഹോസ്റ്റൽ നിയമാവലി സ്റ്റുഡന്റ് വെൽഫെയർ കമ്മറ്റിയുടെ പരിഗണനയ്ക്കായി വിടാൻ തീരുമാനിച്ചു.

## Item No. 36

കോഴ്സ് വർക്ക് (Re do ചെയ്ത്) പൂർത്തീകരിക്കുന്നതിനുള്ള പ്രത്യേക അനുമതി സംബന്ധിച്ച്. (No. 01814/ACDA2/SSUS/2023(1))

കണ്ടോണേഷൻ അപേക്ഷ നൽകി വിദ്യാർത്ഥിയെ പരീക്ഷ എഴുതുവാൻ അനുവദിക്കാൻ തീരുമാനിച്ചു.

## Item No. 37

എസ്.എസ്.യു.എസ് സെന്റർ ഫോർ ഓൺലൈൻ ലേണിംഗ് - സബ്ജറ്റ് എക്സ്പേർട്ട് കമ്മിറ്റിയിൽ പങ്കെടുക്കുന്ന വിഷയവിദഗ്ധർക്ക് 2000/- രൂപ ഓണറേറിയം അനുവദിച്ചത് - സാധൂകരണം സംബന്ധിച്ച്. (No. 03995/SOSCOL/SSUS/2024(1))

എസ്.എസ്.യു.എസ് സെന്റർ ഫോർ ഓൺലൈൻ ലേണിംഗ് - സബ്ജറ്റ് എക്സ്പേർട്ട് കമ്മിറ്റിയിൽ പങ്കെടുക്കുന്ന വിഷയവിദഗ്ധർക്ക് 2000/- രൂപ ഓണറേറിയം അനുവദിച്ചത് സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 38

ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രത്തിന്റെ അക്കൗണ്ടിലേക്ക് 75,000/- രൂപ (എഴുപത്തി അയ്യായിരം രൂപ) അനുവദിച്ചു നൽകിക്കൊണ്ടുള്ള ബഹു. വൈസ് ചാൻസലറുടെ നടപടി സിൻഡിക്കേറ്റിന്റെ സാധൂകരണത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 01097/ISSS1/SSUS/2024(1))

സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 39

യൂണിവേഴ്സിറ്റി ഗവേഷക ഫെല്ലോഷിപ്പ് വർദ്ധിപ്പിച്ച് നാലാം വർഷത്തേക്ക് കൂടി അനുവദിക്കുന്നത് സംബന്ധിച്ച്. (No. 03444/ACDA1/SSUS/2023(1))

ഈ വിഷയം അഡീഷണൽ അജണ്ട 23-ാം ഇനത്തിന്റെ കൂടെ പരിഗണിക്കാൻ തീരുമാനിച്ചു.

## Item No. 40

ഡോ. മുഹമ്മദ് സഗീർ ടി.കെ. യുടെ ക്രമീകരിക്കാത്ത മുൻകൂർ തുകയും ടിയാൻ അംഗീകരിച്ച ബാധ്യതയുടെ പിഴപ്പലിശയും മാത്രം ബാധ്യതയിനത്തിൽ ഈടാക്കി ബാക്കി വിരമിക്കൽ ആനുകൂല്യം പൂർണമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച വിഷയം സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. Ad.D/10238/SSUS/2020)

റിപ്പോർട്ട് അംഗീകരിച്ചു.

## Item No. 41

Placement of Teachers to the post of Assistant Professor with higher AGP under Career Advancement Scheme in the Department of Mohiniyattom – reg. (No. Ad.D/00350/CAS-MOHINIYATTOM/SSUS/2024)

The Syndicate resolved to approve the minutes of the selection committee held on 29.11.2024 and to place Dr. Abu K.M, Assistant Professor with Academic Level 10 to Assistant Professor with Academic Level 11 w.e.f 01.07.2020.

## Item No. 42

ഫൈൻ ആർട്സ് വകുപ്പുകൾക്ക് പ്രത്യേകമായ ഫാക്കൽറ്റി (Faculty of Visual and Performing Arts) അനുവദിക്കുന്നതിനും ഫൈൻ ആർട്സ് വകുപ്പുകൾ ഓഫർ ചെയ്യുന്ന പ്രോഗ്രാമുകളുടെ പേരുകൾക്ക് മാറ്റം വരുത്തുന്നതും സംബന്ധിച്ച്. (No.01045/ACDB1 SSUS/ 2024(1))

ഓർഡിനൻസ് സ്റ്റാഫ് & ലീഗൽ കമ്മറ്റിയുടെ പരിശോധനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 43

സംസ്കൃത ന്യായ പഠന വകുപ്പിലെ ഗവേഷകയായ Ajayka K.V യ്ക്ക് കേന്ദ്ര സംസ്കൃത സർവകലാശാലയിൽ LLB (Hons) ബിരുദ പഠനത്തിന് നിരാക്ഷേപപത്രം നൽകുന്നത് സംബന്ധിച്ച്. (No. 00538/ACDA1/SSUS/2022(3))

നിരാക്ഷേപപത്രം ആവശ്യമില്ല എന്ന് വിദ്യാർത്ഥി രണ്ടാമത് നൽകിയ അപേക്ഷ പരിഗണിച്ച് അജണ്ട ക്യാൻസൽ ചെയ്യാൻ തീരുമാനിച്ചു.

## Item No. 44

ഉറുദു വിഭാഗം കാലടി മുഖ്യ കേന്ദ്രത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച വിഷയത്തിൽ രൂപീകരിച്ച കമ്മിറ്റി പുന:സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട്. (No. 02907/ADA3/SSUS/2023)

ഉറുദു വിഭാഗത്തെ തല്ക്കാലം മാറ്റേണ്ടതില്ല എന്ന് തീരുമാനിച്ചു.

# ADDITIONAL AGENDA

## Item No. 1

രൂപകൽപന ടെക്നോളജി ബിസിനസ് ഇൻക്യൂബേറ്റർ - കരട് ഗൈഡ്‌ലൈൻസ് അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്. [No. 02939/PLD1/SSUS/ 2024(1)]

01.02.2025 ലെ പ്ലാനിംഗ് & ഡെവലപ്പ്മെന്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, രൂപകൽപ്പന ടെക്നോളജി ബിസിനസ് ഇൻകുബേറ്ററിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ കരട് ഗൈഡ് ലൈൻസ് സമിതി വിശദമായി പരിശോധിച്ച് താഴെപ്പറയുന്ന മാറ്റങ്ങളോടുകൂടി അംഗീകരിക്കുവാൻ തീരുമാനിച്ചു.

a) ഗവേണിംഗ് കൗൺസിലിൽ സിൻഡിക്കേറ്റിന്റെ പ്ലാനിങ് ആൻഡ് ഡെവലപ്മെൻറ് സമിതി കൺവീനറെ അംഗമായി ഉൾപ്പെടുത്തുവാനും എക്സ് ഒഫീഷ്യോ അംഗങ്ങളായ സ്റ്റാറ്റ്യൂട്ടറി ഓഫീസേഴ്സ് ഉൾപ്പെടെ കൗൺസിൽ അംഗങ്ങളുടെ എണ്ണം 14 ആയി നിശ്ചയിക്കുവാനും തീരുമാനിച്ചു. കൗൺസിലിലെ അംഗങ്ങളെ നാമ നിർദ്ദേശം ചെയ്യുന്നത് സിണ്ടിക്കേറ്റുമായി കൂടിയാലോചിച്ച് ആകണം എന്ന് നിഷ്കർഷിക്കുവാനും തീരുമാനിച്ചു. വിദ്യാർത്ഥി പ്രതിനിധികളുടെ കാലാവധി രണ്ടു വർഷമോ വിദ്യാർത്ഥികളായി തുടരുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ, എന്ന് നിശ്ചയിക്കുവാനും തീരുമാനിച്ചു.

b) മേൽപ്രകാരമുള്ള മാറ്റങ്ങൾ ബന്ധപ്പെട്ട ക്ലോസുകളിൽ വരുത്തുവാൻ തീരുമാനിച്ചു.

c) Clause 4.4- ൽ ‘ at least once in 6 months’. എന്ന് കൂട്ടിച്ചേർക്കാനും തീരുമാനിച്ചു.

d) Clause 4.4(5)- ലെ ,’ including accounting and Audit process’എന്നത് ഒഴിവാക്കാൻ തീരുമാനിച്ചു.

e) Clause 5 -ലെ ഒന്നാം വാക്യം താഴെ പറയും പ്രകാരം മാറ്റുവാൻ തീരുമാനിച്ചു.

The RTBI Centre shall have an office for the administrative activities, in the building constructed for RTBI

f) Clause 6 - ലെ രണ്ടാമത്തെ സെന്റൻസിനോടൊപ്പം ‘through the existing auditing system of the university’ എന്ന് കൂട്ടിച്ചേർക്കാൻ തീരുമാനിച്ചു.

g) Clause 7 - ൽ ‘ the same shall be reported to the Syndicate at its next meeting for ratification, എന്ന് കൂട്ടിച്ചേർക്കാൻ തീരുമാനിച്ചു.

കൂടാതെ ഗൈഡ് ലൈൻസ് അംഗീകരിച്ച് ഒരു മാസത്തിനകം ഗൈഡ് ലൈൻസ് പ്രകാരമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുവാനും തീരുമാനിച്ചു.

## Item No. 2

തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ MA/BA കോഴ്സുകൾ പുനരാരംഭിക്കുന്നതിനും, BAB.Ed കോഴ്സ് അനുവദിക്കുന്നതും സംബന്ധിച്ച്. (No. 00291/ACDB1/SSUS/2025(1))

വിശദമായ പഠനത്തിന് അക്കാദമിക് & റിസർച്ച് കമ്മറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 3

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ നിലവിലുള്ള അക്കാദമിക് ബ്ലോക്കിന്റെ മുകളിൽ ട്രസ് മേൽക്കൂര നിർമിക്കുന്ന പ്രവർത്തിക്കു ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. (No. 02940/ENGG1/SSUS/2024)

23.01.2025 തീയതിയിലെ വർക്സ് & പർച്ചേസ് സ്ഥിരം സമിതിയുടെയും, 04.02.2025 ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച്, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മേൽക്കൂര നിർമ്മിക്കുന്ന പ്രവർത്തിയ്ക്ക് അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 4

സർവകലാശാലയിലെ കാവേരി ബോയ്സ് ഹോസ്റ്റലിന്റെ മൂന്നാം നിലയിൽ ഡോർമിറ്ററികളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. (No. Engg/15642/SSUS/2022)

23.01.2025 തീയതിയിലെ വർക്സ് & പർച്ചേസ് സ്ഥിരം സമിതിയുടെയും, 04.02.2025 ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച്, എസ്റ്റിമേറ്റ് അംഗീകരിച്ച് ഇ-ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനും സാങ്കേതിക അനുമതി നൽകുന്നതിന് സർവ്വകലാശാല എഞ്ചിനീയറുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 5

ഫൈൻ ആർട്സ് ബ്ലോക്ക് I ലെ നായശല്യം ഒഴിവാക്കുവാൻ ഗ്രില്ലുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. (No. 03324/ENGG1/SSUS/2024)

23.01.2025 തീയതിയിലെ വർക്സ് & പർച്ചേസ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, നായശല്യം പഞ്ചായത്തിനെ അറിയിക്കാനും ഗ്രില്ല് സ്ഥാപിക്കാനും തീരുമാനിച്ചു.

## Item No. 6

തിരൂർ പ്രാദേശിക കേന്ദ്രത്തിൽ 12 ക്ലാസ് റൂമുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന പ്രവൃത്തിക്കായി കൺസൾട്ടന്റിനെ തീരുമാനിക്കുന്നത് സംബന്ധിച്ച് (No. 02086/ENGG3/SSUS/2024)

23.01.2025 തീയതിയിലെ വർക്സ് & പർച്ചേസ് സ്ഥിരം സമിതിയുടെയും, 04.02.2025 ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച്, Govt. Accredited Agency വഴി തിരൂർ പ്രാദേശിക കേന്ദ്രത്തിലെ ക്ലാസ്സ് റൂമുകളും, അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന പ്രവർത്തി നിർവഹിക്കാൻ തീരുമാനിച്ചു.

## Item No. 7

Fine Arts Block – ന് ഫയർ & സേഫ്റ്റി അംഗീകാരം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട്. (No. 01961/ENGG3/SSUS/2024)

Fine Arts Block – ന് ഫയർ & സേഫ്റ്റി അംഗീകാരം ലഭ്യമാക്കുന്നതിന് വേണ്ടി തയ്യാറാക്കിയിട്ടുള്ള 36 ലക്ഷം രൂപയുടെ (ജി. എസ്. ടി. അടക്കം ) എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകാൻ തീരുമാനിച്ചു. സാങ്കേതികാനുമതി നൽകുവാൻ സർവകലാശാല എഞ്ചിനീയറുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുവാനും, ഇ ദർഘാസുകൾ മുഖേന പ്രവൃത്തി നിർവഹിക്കുവാനും തീരുമാനിച്ചു.

## Item No. 8

ന്യൂനത പരിഹാര കാലാവധി പൂർത്തിയായ വിവിധ പ്രവൃത്തികളുടെ സുരക്ഷാ നിക്ഷേപങ്ങൾ കരാറുകാർ സമർപ്പിച്ചിട്ടുള്ളതു തിരികെ നൽകുന്നതിനുള്ള വ്യവസ്ഥ ടെൻഡർ ഫോമിലും ഉടമ്പടിയിലും ഉൾപ്പെടുത്തണമോ എന്ന് തീരുമാനിയ്ക്കുന്നത് സംബന്ധിച്ച്. (No. 03699/ENGG3/SSUS/2023)

04.02.2025 ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, ന്യൂനത പരിഹാര കാലാവധിയ്ക്ക് ശേഷം തിരികെ കൈപ്പറ്റാത്ത സുരക്ഷാ നിക്ഷേപങ്ങൾ പരിശോധിച്ച് കാലഹരണപ്പെട്ടവ അടിയന്തിരമായി സർവ്വകലാശാല അക്കൗണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനും, ന്യൂനത പരിഹാര കാലാവധി കഴിഞ്ഞ സുരക്ഷാ നിക്ഷേപങ്ങൾ തിരികെ വാങ്ങുന്നതിനുള്ള കാലാവധി ആറ് മാസമായി നിശ്ചയിക്കുന്നതിനും ഈ വ്യവസ്ഥ ടെൻണ്ടർ ഫോമിലും കരാറുകാരുമായുള്ള ഉടമ്പടിയിലും ഉൾപ്പെടുത്താനും തീരുമാനിച്ചു.

## Item No. 9

01.08.2024 തീയതിയിൽ കൂടിയ ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ ഗവേണിംഗ് കൗൺസിലിന്റേയും അക്കാദമിക് കമ്മറ്റിയുടെയും സംയുക്ത യോഗത്തിന്റെ യോഗ തീരുമാനങ്ങളും 2024-25 സാമ്പത്തിക വർഷത്തെ ബജറ്റും കർമ്മ പദ്ധതികളും അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No.02889/ISSS1/ SSUS/2024(1))

ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതി, അക്കാദമിക് & റിസർച്ച് കമ്മറ്റികളുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 10

പാർട്ട് ടൈം സ്വീപ്പർ ശ്രീമതി. ജയ കെ-യുടെ ശൂന്യവേതനാവധി അനുവദിക്കണമെന്നുള്ള അപേക്ഷ സംബന്ധിച്ച്. (No. 00254/ADB3/SSUS/2025(1)

സ്റ്റാഫ് & ലീഗൽ കമ്മറ്റിക്ക് വിടാൻ തീരുമാനിച്ചു.

## Item No. 11

സർവകലാശാല MOU കമ്മിറ്റിയുടെ Duties & Functional Responsibilities സംബന്ധിച്ച terms of reference – സിൻഡിക്കേറ്റ് അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 01887/ACDB1/SSUS/2024(1))

അക്കാദമിക് & റിസർച്ച് കമ്മറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 12

2023-2024 വർഷത്തെ AQAR അംഗീകരിച്ചത് - സിൻഡിക്കേറ്റിന്റെ സാധൂകരണവും, NIRF 2025-ൽ സർവകലാശാല പങ്കെടുത്തത് റിപ്പോർട്ട് ചെയ്യുന്നതും - സംബന്ധിച്ച്. (No സർവകലാശാല MOU കമ്മിറ്റിയുടെ Duties & Functional Responsibilities സംബന്ധിച്ച terms of reference – സിൻഡിക്കേറ്റ് അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 01887/ACDB1/SSUS/2024(1)). 00466/ IQAC1/ SSUS / 2022(1)

സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 13

എസ്. എസ്. യു എസ് സെന്റർ ഫോർ ഓൺലൈൻ ലേണിംഗ് (SCOL) – ഓൺലൈൻ കോഴ്സുകളുടെ സർട്ടിഫിക്കറ്റിൽ പ്രൊഫസർ ഇൻ ചാർജ് ഓഫ് എക്സാമിനേഷൻ ഒപ്പിടുന്നത്- സംബന്ധിച്ച്.(No. 03239 /SCOL1 / SSUS /2024 (1)

പ്രോ വൈസ്ചാൻസിലറെ നിയമിക്കുന്നതു വരെ എസ്. എസ്. യു എസ് സെന്റർ ഫോർ ഓൺലൈൻ ലേണിംഗ് (SCOL) – ഓൺലൈൻ കോഴ്സുകളുടെ സർട്ടിഫിക്കറ്റിൽ പ്രൊഫസർ ഇൻ ചാർജ് ഓഫ് എക്സാമിനേഷൻസ് എന്ന് രേഖപ്പെടുത്തി ഒപ്പു വയ്ക്കുന്നത് അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 14

PhD കോഴ്സ് വർക്കിന്റെ ജോലിഭാരം അദ്ധ്യാപകരുടെ ജോലിഭാരത്തിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുന്നത് സംബന്ധിച്ച്. ( No. 02206/ADA2 /SSUS/ 2023(1)

10 മണിക്കൂർ വർക്ക് ലോഡ് കോഴ്സ് വർക്ക് കാലാവധിയിൽ അനുവദിക്കാൻ തീരുമാനിച്ചു.

## Item No. 15

222-ാ മത് സിൻഡിക്കേറ്റ് യോഗ നടപടിച്ചുരുക്കം ഔട്ട് ഓഫ് അജണ്ട ഇനം നം. 4(4) നുള്ള മറുപടി. ( No. 00134 / SSC3/ SSUS/ 2025 (1)

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മെയിൻ അജൻഡ ഇനം നമ്പർ 21(c) യിലെ തീരുമാനങ്ങൾ ബാധകമാക്കാൻ തീരുമാനിച്ചു.

## Item No. 16

പയ്യന്നൂർ പ്രാദേശിക കേന്ദ്രം സംസ്കൃത വ്യാകരണ വിഭാഗം, വേദാന്ത വിഭാഗം ടീച്ചർ ഇൻ ചാർജർമാർ, Parent Teacher Association, Campus Union പ്രതിനിധികൾ എന്നിവർ സമർപ്പിച്ച വിവിധ ആവശ്യങ്ങൾ സിൻഡിക്കേറ്റ് പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 00393/ ACDB1/ SSUS/ 2025(1)

അക്കാദമിക് & റിസർച്ച് കമ്മറ്റിക്ക് വിടാൻ തീരുമാനിച്ചു.

## Item No. 17

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ യൂട്ടിലിറ്റി ബിൽഡിംഗിലെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ശാഖയ്ക്ക് വാടകയ്ക്കായി നൽകിയിട്ടുള്ള സ്ഥലത്തിന്റെ കരാർ പുതുക്കുന്നത് സംബന്ധിച്ച്. (No. 00659/ EST2/ SSUS/ 2024

P W D മാന്വൽ പ്രകാരം മൂന്ന് വർഷം കാലയളവിലേക്ക് വാടക കരാർ പുതുക്കാൻ തീരുമാനിച്ചു.

## Item No. 18

തിരൂർ പ്രാദേശിക കേന്ദ്രത്തിലെ പ്രൊഫസറും തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാലയിലെ വൈസ്-ചാൻസിലറുടെ താൽക്കാലിക ചുമതല 07.06.2023 മുതൽ നിർവഹിക്കുന്ന ഡോ. സുഷമ എൽ – ന് സെമസ്റ്റർ അവധിക്കാലത്ത് തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാലയിൽ സേവനമനുഷ്ഠിച്ചതിന്റെ ആർജ്ജിത അവധി ക്രെഡിറ്റ് ചെയ്ത് റിപ്പോർട്ട് ചെയ്യുന്നു. (No. 02028/ ADA2 /SSUS /2024

റിപ്പോർട്ട് അംഗീകരിച്ചു.

## Item No. 19

പറവൂർ സബ്കോടതിയിൽ സർവകലാശാല ഫയൽ ചെയ്തിരുന്ന O.S. No. 368/2012 കേസിലെ വിധി നടത്ത് ഹർജി ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ശ്രീ. എം. രാജേന്ദ്രന് തുക അനുവദിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. (No. LGLS/6263/2012/SSUS)

സാധൂകരിച്ചു.

## Item No. 20

31.01.2025 ന് കൂടിയ Online & Distant Learning & IT സ്ഥിരം സമിതി യോഗത്തിലെ തീരുമാനങ്ങൾ -സംബന്ധിച്ച്.

31.01.2025 ലെ ഓൺലൈൻ & ഡിസ്റ്റന്റ് ലേണിങ്ങ് & ഐടി സ്ഥിരം സമിതി ശിപാർശ പരിഗണിച്ച്, ODL പ്രോഗ്രാമുകളുടെ ചുമതലകൾ നിർവഹിക്കാൻ  പ്രൊ. ഡോ. മുരളീകൃഷ്ണൻ ടി. ആർ. നെ ഡയറക്ടറായി നിയമിക്കാനും,  2025 അക്കാദമിക് വർഷത്തിൽ MA സംസ്കൃത കോഴ്സ് ഓൺലൈൻ ആയി ഓഫർ ചെയ്യുന്നതിന് കോഴ്സ് കോർഡിനേറ്റർ ആയി ഡോ. സംഗമേശനെ നിയമിക്കാനും തീരുമാനിച്ചു.

താഴെ പറയുന്ന കാര്യങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

a) 2025 അക്കാദമിക് വർഷത്തിൽ തന്നെ ഒരു MA സംസ്കൃത കോഴ്സ് എങ്കിലും ഓൺലൈൻ ആയി ഓഫർ ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

b) യുജിസിയുടെ അടുത്ത നോട്ടിഫിക്കേഷനിൽ തന്നെ കോഴ്സുകൾ നടത്തുന്നതിന് അനുമതിക്കായി അപേക്ഷിക്കുവാൻ ശുപാർശചെയ്തു.

c) ഓൺലൈൻ പ്രോഗ്രാമുകളുടെ  മീഡിയം ഓഫ് ലാംഗ്വേജ് ഇംഗ്ലീഷ് ആയിരിക്കണം എന്ന് നിഷ്കർഷിക്കാൻ തീരുമാനിച്ചു.

d) ഓൺലൈൻ കോഴ്സുകൾ/ പ്രോഗ്രാമുകൾ ഓഫർ ചെയ്യുന്നതിനും Proctored Exam നടത്തുന്നതിനും മറ്റുമായി FYUG -യുടെ ഭാഗമായി സംസ്ഥാന സർക്കാർ KSHEC വഴി നടപ്പിലാക്കിയിട്ടുള്ള Kerala Resources for Education Administration and Planning (K-REAP) software ൽ ഉള്ള LMS Module സർവകലാശാലയ്ക്ക് ലഭ്യമാക്കുന്നതിനും അതിന്റെ ഒരു Instance ക്രിയേറ്റ് ചെയ്യുന്നതിന് KSHEC യോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. ഈ പ്ലാറ്റ്ഫോമിൽ തന്നെ സർവകലാശാലയിലെ ഓൺലൈൻ പ്രോഗ്രാമുകൾ നടത്താവുന്നതാണ്.

e) സർവകലാശാലയുടെ റേഡിയോയുടെ ലോഗോയും ടാഗ്‌ലൈനും അംഗീകരിക്കാൻ തീരുമാനിച്ചു.ലോഗോയിൽ സർവകലാശാലയുടെ പേര്, Theme  Music എന്നിവ  കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 21

ക്വട്ടേഷൻ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച്. (No. 02116/PUB1/SSUS/2023(1))

സർവകലാശാല മലയാളം വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന അർധ വാർഷിക റിസർച്ച് ജേർണൽ " ചെങ്ങഴി" യുമായി ബന്ധപ്പെട്ട ടൈപ്പ് സെറ്റിംഗ്, ഡിസൈനിംഗ്, പ്രിന്റ് ലേ ഔട്ട്, കവർ ഡിസൈൻ എന്നിവ ചെയ്യുന്നതിന് ക്വട്ടേഷൻ ഇളവ് അനുവദിക്കാൻ തീരുമാനിച്ചു.

## Item No. 22

സർവകലാശാലയിലെ ഉപയോഗത്തിനായി 500 എണ്ണം 20 വാട്ട് LED ട്യൂബ് ലൈറ്റുകളും 100 എണ്ണം 28watt BLDC ഫാനുകളും 200 9watt LED bulb കളും വാങ്ങുന്നത് സംബന്ധിച്ച്. (No. 01109/ SSUS / 2024 (1)

3,54,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് 500 എണ്ണം 20 വാട്ട് LED ട്യൂബ് ലൈറ്റുകളും 100 എണ്ണം 28watt BLDC ഫാനുകളും 200 9watt LED bulb കളും വാങ്ങാൻ തീരുമാനിച്ചു.

## Item No. 23

വിദ്യർത്ഥി സമരവുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾ സംബന്ധിച്ച്.

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് വിദ്യാർത്ഥികൾ നടത്തിയ സമരവുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം തീരുമാനിച്ചു.

1. ഗവേഷക ഫെല്ലോഷിപ്പ് :-
   സർക്കാർ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് 4-ാം വർഷ ഗവേഷകർക്ക് 3 മാസത്തേക്ക് ഫെല്ലോഷിപ്പ് 15000/- രൂപ നിരക്കിൽ അനുവദിക്കുന്നതിനും, 2024 മുതൽ പ്രവേശനം നേടിയ ഗവേഷകർക്ക് 4-ാം വർഷം 6 മാസത്തേക്ക് ഫെല്ലോഷിപ്പ് അനുവദിക്കുന്നതിനും തീരുമാനിച്ചു. 4-ാം വർഷം ഫെല്ലോഷിപ്പ് ലഭിക്കുന്നതിന് DRC ശുപാർശ, പബ്ലിക്കേഷൻ എന്നീ നിബന്ധനകൾ പൂർത്തീകരിക്കേണ്ടതാണ്.
   ഫെല്ലോഷിപ്പ് കുടിശ്ശിക പ്ലാൻ ഫണ്ട് ലഭിച്ച ഉടൻ വിതരണം ചെയ്യാൻ തീരുമാനിച്ചു.
2. ലിഫ്റ്റ് നിർമ്മാണം :-
   സൗകര്യമുള്ള എല്ലാ കെട്ടിടങ്ങളിലും ലിഫ്റ്റ് സ്ഥാപിക്കാൻ തീരുമാനിക്കുകയും, ഇതിനുള്ള പ്രൊപ്പോസൽ വർക്ക്സ് കമ്മിറ്റി വഴി സിൻഡിക്കേറ്റിൽ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.
3. ഹോസ്റ്റൽ നിർമ്മാണം:-
   പുതിയ ഹോസ്റ്റലിനു വേണ്ടിയുള്ള നിർദേശങ്ങൾ സമർപ്പിക്കാൻ വിദ്യാർത്ഥി പ്രതിനിധികളോട് ആവശ്യപ്പെട്ടു.
4. വിദ്യാർത്ഥികൾ ഉന്നയിച്ച മറ്റ് ആവശ്യങ്ങളിൻമേൽ 17/01/2025 ൽ കൂടിയ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ നടപടികൾ ത്വരിതപ്പെടുത്താൻ തീരുമാനിച്ചു.

# OUT OF AGENDA

## Item No. 1

a) ഭരതനാട്യം ഗവേഷക ശ്രീമതി നീതു ദാസിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ SC/ST സെൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്

b) ഭരതനാട്യം ഗവേഷക ശ്രീമതി നീതു ദാസ് പി. യുടെ പ്രബന്ധ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് കൈകൊണ്ട നടപടികളെക്കുറിച്ചുള്ള പരാതിയിൽ ഡോ. ഓമന പി. വി, ഡോ. അംബിക കെ. ആർ, ഡോ. ഷീബ എസ് എന്നിവർ ഉൾപ്പെട്ട അന്വേഷണ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട്.

അന്വേഷണ കമ്മിറ്റികളുടെ കണ്ടെത്തലുകളും ശിപാർശകളും അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 2

ആംഫി തീയറ്റർ :- ഉദ്ഘാടനം - സംബന്ധിച്ച്.

CIAL ധനസഹായത്തോടെ നിർമ്മാണം പൂർത്തിയാക്കിയ ആംഫി തീയറ്ററിന്റെ ഉദ്ഘാടനം അടിയന്തിരമായി നിർവഹിക്കുന്നതിനും ഇതിനു മുന്നോടിയായി ഇതിന്റെ പരിസരത്ത് ബേബി മെറ്റൽ വിരിക്കുക, സിമന്റ് ബെഞ്ച് സ്ഥാപിക്കുക എന്നീ പ്രവർത്തികൾക്കായി 2 ലക്ഷം രൂപ അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഒപ്പ്**

**രജിസ്ട്രാർ**

**ഒപ്പ്**

**വൈസ് ചാൻസലർ**